**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2190 **09.03.2018** -ലെ മറുപടിക്ക്

**ഭൂമി വാങ്ങി നൽകുന്ന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം കരുനാഗപ്പള്ളി താലൂക്കിൽ എത്ര കുടുംബങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ഭൂമി വാങ്ങുന്നതിന് സഹായം ലഭിച്ചുവെന്ന് വിശദമാക്കുമോ; | (എ) | കരുനാഗപ്പള്ളി താലൂക്കിൽ ബ്ലോക്ക് പരിധിയിൽ 26 കുടുംബങ്ങൾക്കും മുനിസിപ്പാലിറ്റിയിൽ 5 കുടുംബങ്ങൾക്കും 2017-18 സാമ്പത്തികവർഷം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിന് പരമാവധി എത്ര രൂപ ധനസഹായം ലഭിക്കുമെന്ന് വിശദമാക്കുമോ; | (ബി) | ഈ പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു കുടുംബത്തിന് പരമാവധി 5 സെന്റിന് 3,75,000/- രൂപ നിരക്കിലും മുനിസിപ്പാലിറ്റിയിൽ 3 സെന്റിന് 4,50,000/- രൂപ നിരക്കിലും കോർപ്പറേഷനിൽ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ നിരക്കിലും ധനസഹായം അനുവദിച്ച് വരുന്നു. |
| (സി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കുടുംബങ്ങൾക്ക് എങ്ങനെ മുൻഗണന നൽകുന്നുവെന്ന് വിശദീകരിക്കുമോ? | (സി) | ഗ്രാമസഭാ ലിസ്റ്റ് അനുസരിച്ചുള്ള മുൻഗണനാ ക്രമത്തിലാണ് ധനസഹായം അനുവദിച്ച് നൽകുന്നത്. ഗ്രാമസഭാ ലിസ്റ്റ് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ നേരിട്ട് അപേക്ഷ ക്ഷണിച്ച് നറുക്കെടുപ്പിലൂടെ ലിസ്റ്റ് തയ്യാറാക്കുന്നു. |

സെക്ഷൻ ഓഫീസർ